**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 137** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഗുണ്ട ആക്രമണ കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ഗുണ്ട ആക്രമണ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗുണ്ടാ ആക്രമണങ്ങൾക്ക് 212 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എല്ലാ കേസുകളിലും പ്രതികളെ അറസ്റ്റ് ചെയ്യുകയും, വിചാരണ പൂർത്തിയായതിൽ 07 കേസ്സുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | ഗുണ്ടകൾക്ക് സഹായം നൽകിയതിന്റെ പേരിൽ പ്രസ്തുത കാലയളവിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗുണ്ടകൾക്ക് സഹായം നൽകിയതിന്റെ പേരിൽ 12 പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഇതിന് പുറമെ സംസ്ഥാന പോലീസ് സേനയിൽ ഗുണ്ടാ മാഫിയ ബന്ധമുണ്ടെന്നുള്ള പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഡി.വൈ.എസ്.പി മാരെയും ഒരു പോലീസ് ഇൻസ്പെക്ടറെയും ഒരു സിവിൽ പോലീസ് ഓഫീസറെയും രണ്ട് ഡ്രൈവർ സിവിൽ പോലീസ് ഓഫീസറെയും സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>ഗുണ്ടാ/സാമൂഹ്യവിരുദ്ധ സംഘങ്ങളുമായുള്ള കൂട്ടുകൂടാനോ ബന്ധങ്ങൾ സ്ഥാപിക്കാനോ പാടില്ല എന്ന കർശന നിർദ്ദേശം സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ